ആദിവാസികളുടെ പുരോഗമനത്തിനായുള്ള പദ്ധതികൾ

8 (*38) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിൽപ്പെട്ടവർക്ക് വാഗ്ദാനം ചെയ്ത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ആദിവാസി മേഖലയിൽ നടപ്പാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലെ സംവിധാനങ്ങൾ എന്താണെന്നും ഇതിന് എന്തെങ്കിലും അപാകതകൾ ഉള്ളതായി കരുതുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ;

(സി) ഈ മേഖലയിലെ പുരോഗതിക്കായി നീക്കിവെക്കുന്ന തുകകൾ അതേ ആവശ്യങ്ങൾക്കായി മാത്രം വിനിയോഗിക്കപ്പെടാത്തതാണ് ഈ മേഖലയിലെ ദുരിതങ്ങൾക്കറുതിയാകാത്തതെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ പരമാവധി പ്രയോജനം അവർക്കു തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ക്ഷേമ കാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് വകുപ്പ് അതീവ ജാഗ്രത പാലിക്കാറുണ്ട്. ഇതിനായി വകുപ്പദ്ധ്യക്ഷന്മാർ വകുപ്പുതല അവലോകന യോഗങ്ങൾ നടത്തി ജില്ലാതല നിയന്ത്രണോദ്യോഗസ്ഥർക്ക് കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി പദ്ധതി പുരോഗതി കൈവരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന് ജില്ലാ ഓഫീസർമാരുടെ യോഗം എല്ലാ മാസവും ചേർന്ന് വിലയിരുത്തുന്നുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ തന്നെ തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്.

പദ്ധതി നടത്തിപ്പ് ഏകോപിപ്പിക്കുന്നതിനായി ഡയറക്ടറേറ്റിൽ ഒരു പ്ലാനിംഗ് മോണിറ്ററിംഗ് സെൽ നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥലം എം.എൽ.എ. ചെയർമാനായും പ്രോജക്ട് ഓഫീസർ/ടൈബൽ ഡെവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്, ഇതര ജനപ്രതിനിധികൾ എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തിവരുന്നത്.

പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതീക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ട് വിലയിരുത്തുകയും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തലത്തിൽ ചേരുന്ന ജില്ലാ വികസനസമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സംഘം എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1192/2012/പജപവവിവ തീയതി 7-9-2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനായും കൺവീനറായും ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായ ഒരു കമ്മിറ്റി പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.

ജില്ലാതല ഉദ്യോഗസ്ഥർ എല്ലാ മാസവും 5-ാം തീയതിക്കകം മാസാന്ത്യ പദ്ധതി പുരോഗതി വിവരം ഡയറക്ടറുടെ വിലയിരുത്തലിനായി ലഭ്യമാക്കുന്നുണ്ട്. അതുപോലെ തന്നെ ജില്ലാ തലത്തിൽ വിലയിരുത്തലിനായി ജില്ലാ കളക്ടർക്കും നൽകുന്നുണ്ട്. എല്ലാ മാസവും അവസാന ശനിയാഴ്ച ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ജില്ലാതലത്തിലുള്ള പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

ഇപ്രകാരമുള്ള പ്രവർത്തനങ്ങളുടെ ഫലമായി പട്ടികവർഗ്ഗ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന്റെ പുരോഗതി വിലയിരുത്താൻ സാധിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതികൾ വകമാറ്റി ചെലവഴിക്കുന്നതിനെ സംബന്ധിച്ച് ആക്ഷേപം ഉണ്ടായിട്ടില്ല.

പട്ടികവർഗ്ഗക്കാർക്ക് ബഡ്ജറ്റ് വിഹിതമായി നീക്കിവയ്ക്കുന്ന തുകകൊണ്ട് അവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ മാത്രമാണ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്.

പട്ടികവർഗ്ഗ ക്ഷേമകാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് പദ്ധതികൾക്ക് തന്നെ കാര്യക്ഷമതയോടുകൂടി ചെലവഴിക്കുന്നുണ്ട്. എന്നാൽ സാങ്കേതിക കാരണം മൂലം ചില പദ്ധതികൾക്ക് അനുവദിക്കുന്ന തുക മുഴുവനായി ചെലവഴിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ തുക ലാപ്സാകാതെ ചെലവ് പ്രതീക്ഷിക്കുന്ന മറ്റ് പദ്ധതികൾക്ക് ധനപുനർക്രമീകരണത്തിലൂടെ തുക കണ്ടെത്തുന്ന സ്ഥിതിവിശേഷം വകപ്പിൽ ഉണ്ടാകാറുണ്ട്.

പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച

9 (*39) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പരമ്പരാഗത വ്യവസായങ്ങൾ തകർച്ച നേരിടുന്നുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ ; പ്രസ്തുത മേഖല നേരിട്ടു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അറിയാമോ ;

(ബി) പരമ്പരാഗത വ്യവസായങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന ഉറപ്പുകൾ പാലിക്കപ്പെടുന്നില്ലെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ ;

(സി) പരമ്പരാഗത വ്യവസായ മേഖലയിലുള്ളവരുടെ നിലവിലെ ജീവിതാവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ജീവിത നിലവാരം ഉയർത്തുന്നതിന് എന്തു നടപടി സ്വീകരിക്കുവാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly